പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1084 . 13.6.2013 ൽ മറുപടിക്ക്

## ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട കമ്മിറ്റികൾ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. കെ.ദാസൻ: | ശ്രീ.പി.കെ. അബ്ദുറബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ഉന്നത വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട പ്രൊഫ. ഹൃദയകുമാരി കമ്മറ്റി റിപ്പോർട്ട്, പ്രൊഫ. രവീന്ദ്രനാഥ് കമ്മിറ്റി റിപ്പോർട്ട്, പ്രൊഫ. തരീൻ കമ്മിറ്റി റിപ്പോർട്ടുകൾ എന്നിവയിൽ സർക്കാർ തുടരുന്ന നടപടികൾ വ്യക്തമാക്കാമോ; | എ) സംസ്ഥാനത്തെ സർവ്വകലാശാലകളിലെ ബിരുദതലത്തിൽ നടപ്പിലാക്കി വരുന്ന ക്രെഡിറ്റ് & സെമസ്റ്റർ സമ്പ്രദായത്തിലും ഗ്രേഡിംഗിലുമുള്ള അപാകതകൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി നിയോഗിച്ച പ്രൊഫ.ബി.ഹൃദയകുമാരി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സ്വീകരിച്ച് വരുന്നുണ്ട്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകേതര ജീവനക്കാരുടെ സർവ്വീസ് പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി കാലിക്കറ്റ് സർവ്വകലാശാല പ്രോ.വൈസ് ചാൻസിലർ പ്രൊഫ.രവീന്ദ്രനാഥ് അദ്ധ്യക്ഷനായി രൂപീകരിച്ച സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.<br>ദേശീയ അന്തർദേശീയ തലത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് വന്ന മാറ്റങ്ങൾ കൂടി ഉൾക്കൊണ്ട് സംസ്ഥാന വിദ്യാഭ്യാസ നയത്തിൽ മാറ്റങ്ങൾ വരുത്താൻ പഠനം നടത്തുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും വേണ്ടി പോണ്ടിച്ചേരി സർവ്വകലാശാല വൈസ് ചാൻസിലർ പ്രൊഫ.എ.കെ.തരീൻ അദ്ധ്യക്ഷനായ സമിതി സമർപ്പിച്ച റിപ്പോർട്ടും സർക്കാർ പരിശോധിച്ച് വരുന്നു. |

| | | | |
|---|---|---|---|
| ബി) | ഈ മൂന്ന് റിപ്പോർട്ടുകളുടെയും പകർപ്പ് ലഭ്യമാക്കാ മോ ; | ബി) | മൂന്നു റിപ്പോർട്ടുകളുടെയും പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| സി) | ലബ്ബ കമ്മീഷൻ/കമ്മിറ്റി സർക്കാരിന്റെ മുൻപാകെ സമർപ്പിച്ച പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ എന്തൊക്കെ; വിശദമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | സി) യും ഡി) യും | സംസ്ഥാനത്തെ ഹയർസെക്കന്ററി വിദ്യാഭ്യാസ മേഖലയിലെ വിവിധ പ്രശ്നങ്ങൾ പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി പ്രൊഫ.പി.ഒ.ജെ.ലബ്ബ ചെയർമാനായി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു.കമ്മിറ്റി റിപ്പോർട്ടിന്റെ പകർപ്പും പ്രധാന ശുപാർശകളുടെ പകർപ്പും അനുബന്ധമായി ചേർക്കുന്നു. ലബ്ബ കമ്മിറ്റിയുടെ പ്രവർത്തനത്തെക്കുറിച്ചുള്ള വിശാംശങ്ങൾ ചുവടെ ചേർക്കുന്നു. എസ്.സി.ഇ.ആർ.ടി ഫാക്കൽറ്റി അംഗങ്ങളുമായി ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയിലെ അക്കാദമിക രംഗം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് 2012 നവംബറിൽ ചർച്ച നടത്തി തുടർന്നുള്ള പ്രവർത്തങ്ങൾക്ക് കർമ്മ പദ്ധതി തയ്യാറാക്കി. ഇതേ വിഷയത്തിൽ 04.12.2012 ൽ അദ്ധ്യാപക സംഘടനകളുമായി ചർച്ച നടത്തുകയുണ്ടായി. വിവിധ ജില്ലകളിലെ ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി, അദ്ധ്യാപക പ്രതിനിധികൾ, രക്ഷിതാക്കൾ, പൊതുജനങ്ങൾ, വിദ്യാർത്ഥികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രതിനിധികൾ എന്നിവരിൽ നിന്നും 10.01.2013 ൽ കോഴിക്കോട് വച്ച് അഭിപ്രായങ്ങൾ സ്വീകരിച്ചു. ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി വകുപ്പ് തലവന്മാർ, ഉദ്യോഗസ്ഥർ, വിദ്യാഭ്യാസ വിദഗ്ധർ, മുതിർന്ന പ്രിൻസിപ്പാൾമാർ തുടങ്ങിയവരുമായി 01.03.2013 ൽ ചർച്ച നടത്തി. മേൽ പരാമർശിച്ച ചർച്ചകളിൽ നിന്നും സ്വരൂപിച്ച അഭിപ്രായങ്ങൾ കൂടി പരിഗണിച്ചാണ് റിപ്പോർട്ടിൽ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. തുടർന്ന് എസ്.സി.ഇ.ആർ.ടി യിൽ വച്ച് അഞ്ച് സിറ്റിംഗുകൾ നടത്തി അന്തിമ റിപ്പോർട്ട് തയ്യാറാക്കുകയായിരുന്നു. ഇതുമായി |
| ഡി) | പ്രസ്തുത കമ്മിറ്റി ഇത് വരെ നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ; കമ്മിറ്റി ഇതുവരെ ചേർന്ന യോഗ നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ ; മിനിട്ട്സുകളുടെ പകർപ്പ് ലഭ്യമാക്കാമോ ; | | |

| | |
|---|---|
| | ബന്ധപ്പെട്ട എല്ലാ വിവരങ്ങളും റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| ഇ) വിദ്യാഭ്യാസ രംഗത്ത് അബ്ദുൾ അസിസ് കമ്മിറ്റിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ ; പ്രസ്തുത കമ്മിറ്റി ഇതുവരെ പ്രവർത്തനാവശ്യം എത്ര യോഗം തേർന്നു ; യോഗനടപടിയുടെ വിശദാംശം, യോഗ മിനിട്സ് എന്നിവ ലഭ്യമാക്കാമോ ; | ഇ) 37-ാമത് സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ നിയോഗിച്ച പ്രൊഫ. അബ്ദുൾ അസീസ് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കി വരുകയാണ്. പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എപ്രകാരമാകണമെന്നും തുടർ നടപടികൾ എന്തെല്ലാമാണെന്നും പ്രസ്തുത കമ്മിറ്റി പഠിക്കുകയും അദ്ധ്യാപക സംഘടനാ പ്രതിനിധികൾ, ഭരണ നിർവ്വഹകർ, സർക്കാർ ഏജൻസികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾ എന്നിവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ചോദ്യാവലികളിലൂടെയും ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിലൂടെയും സ്വരൂപിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യത്തിലുള്ള റിപ്പോർട്ട് തയ്യാറാക്കുന്നത്. കമ്മിറ്റിയുടെ യോഗ വിശദാംശങ്ങൾ ഉൾപ്പെട്ട മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| എഫ്) അബ്ദുൾ അസീസ് കമ്മിറ്റിയ്ക്ക് വേണ്ടി സർക്കാരേതര ഏജൻസികൾ ആരെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; പഠനം നടത്തിയെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | എഫ്) ഇല്ല. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**